ശ്രീമതി കെ. ആർ. ഗൗരി: റോഡും വീതി കൂട്ടേണ്ട കാര്യം ചോദിച്ചിട്ടു റോഡിന്റെ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ കാര്യം മനസ്സിൽവച്ചുകൊണ്ടു റോഡിൽ താമസിക്കുന്നവരെപ്പറ്റിയാണു ചോദിച്ചതു. അതുകൊണ്ടു റോഡിൽ താമസമില്ല എന്നു പറഞ്ഞതാണു. റോഡു പുറമ്പോക്കുകൾ അങ്ങനെ എവിടെയൊക്കെയാണെന്നു കണക്കെടുപ്പിച്ചു അവരെ മാറ്റാൻ നോക്കാം.

ശ്രീ. തോമസ് ജോൺ: അങ്ങനെ റോഡു പുറമ്പോക്കിൽ താമസിക്കുന്നവരെ മാറ്റേണ്ടിവന്നാൽ അവരെ താമസിപ്പിക്കുന്നതിനു വേറെ സ്ഥലം എടുത്തു സഹകരണപ്പെടുത്തുന്നതിനു ഗവണ്മെന്റാലോചിക്കുന്നുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദ്: അക്കാര്യമാണു ഇതുപോലെയും നേരമായി പറയുന്നതു.

ശ്രീ. തോമസ് ജോൺ: അങ്ങനെ ഒരു സ്കീം വേണമെന്നു തോന്നുന്നുണ്ടോ?

(ഉത്തരമില്ല)

സഹകാരിസംഘങ്ങളും അഗ്രികൾച്ചറൽ ഫാമിങ്ങും കോവാപ്പൊറേറ്റീവു സൊസൈറ്റികളും.

* 1690. [6] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

കാർഷികബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചതിനുശേഷം നാളിതുവരെ എത്ര സഹകാരിസംഘങ്ങളും എത്ര അഗ്രികൾച്ചറൽ ഫാമിങ്ങും കോവാപ്പൊറേറ്റീവു സൊസൈറ്റികളും ഈ സംസ്ഥാനത്തു രജിസ്റ്റരാക്കിയിട്ടുണ്ടെന്നു പറയാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

59 അഗ്രിക്കൾച്ചറൽ ഫാമിങ്ങു കോവാപ്പൊറേറ്റീവു സൊസൈറ്റികളും ഈ രാജ്യത്തു രജിസ്റ്റർ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

യോഗീശ്വരസമുദായം.

* 1691. [7] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ യോഗീശ്വരൻ എന്ന സമുദായം ഉൾപ്പെട്ടുന്നുണ്ടോ;

(ബി) യോഗീശ്വരസമുദായക്കാർക്കു 1958-59-ലെ അദ്ധ്യയനവർഷം വരെയും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവന്നിട്ടുണ്ടോ;

(സി) 1959-ൽ ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ ഫീസാനുകൂല്യത്തിനുവേണ്ടി താല്പര്യതഹശീൽദാരന്മാർ യോഗീശ്വരസമുദായക്കാർക്കു സർട്ടിഫിക്കറ്റു നൽകാൻ വിസമ്മതിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) യോഗീശ്വരസമുദായക്കാർക്കു നിലവിലിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുവാൻ ഉണ്ടായ കാരണമെന്തെന്നു ഗവണ്മെന്റു അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly